തൊഴിൽ തർക്കങ്ങൾ ഫലപ്രദമായി പരിഹരിക്കുവാൻ നടപടി

70(973) ശ്രീ. എ. കണാരൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എളമരം കരീം :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് തൊഴിൽ വകുപ്പിൽ എന്തെല്ലാം സംവിധാനമാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പല തൊഴിൽ സ്ഥാപനങ്ങളിലും യഥാസമയം തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിക്കാത്തതിന്റെ ഫലമായിട്ടാണ് തൊഴിൽ സമരങ്ങൾ ഉണ്ടാകുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിലവിലുള്ള തൊഴിൽ നിയമങ്ങൾ പാലിക്കാത്ത തൊഴിൽ ഉടമകളെ ശിക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് നിയമിച്ചിട്ടുള്ള ലേബർ കോടതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) തൊഴിൽ സമരങ്ങളിൽ മാനേജ്മെന്റിന് അനുകൂലമായി പോലീസിനെ ഉപയോഗിക്കുന്ന രീതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽ മേഖലയിലെ തർക്കങ്ങൾ പരിഹരിക്കുന്നതിന് തൊഴിൽ വകുപ്പിൽ വിവിധ തലത്തിലുള്ള അനുരഞ്ജന ഉദ്യോഗസ്ഥൻമാരുണ്ട്. ഇവർ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനായി അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചുകൂട്ടുന്നു. ചർച്ചയിലൂടെ പരിഹരിക്കുവാൻ കഴിയാത്ത തർക്കങ്ങൾ തൊഴിൽ കോടതികളുടെ തീർപ്പിന് വിടുകയാണ് ചെയ്യുന്നത്. ഇതിന് പുറമേ വ്യവസായികാടിസ്ഥാനത്തിൽ ഉണ്ടാകുന്ന തൊഴിൽ തർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുന്നതിനായി തോട്ടം വ്യവസായം, കയർ വ്യവസായം, ടെക്സ്റ്റൈൽസ്, ബീഡി സിഗാർ, കളള്ചെത്ത്, കുട്ടനാട് പാലക്കാട് കാർഷിക മേഖലകൾ, മദ്യവ്യവസായം, മോട്ടോർ വ്യവസായം, ലോറി വ്യവസായം, ഓട് വ്യവസായം, ടിംബർ, പ്ലൈവുഡ്, പൊതുവിതരണം, ഇ.എസ്.ഐ. തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലാളി-മുതലാളി പ്രതിനിധികളടങ്ങുന്ന വ്യവസായബന്ധ സമിതികളും ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) തൊഴിൽ നിയമങ്ങൾ പാലിക്കാത്ത തൊഴിൽ ഉടമകളെ ശിക്ഷിക്കുന്നതിന് വിവിധ തൊഴിൽ നിയമങ്ങൾക്ക് വിധേയമായി പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) ലേബർ കോടതികളുടെ പ്രവർത്തനം കാര്യക്ഷമമായാണ് നടക്കുന്നത്.

(ഇ) മാനേജ്മെന്റിന് അനുകൂലമായി പോലീസിനെ ഉപയോഗിക്കാറില്ല.

പുതിയ ഹൈഡ്രോ ഇലക്ട്രിക് പദ്ധതികൾ

71(974) പ്രൊഫ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായിട്ട് ഹൈഡ്രോ ഇലക്ട്രിക് പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം; അവയുടെ ഉൽപ്പാദനശേഷി, ചെലവഴിച്ച തുക എന്നിവ വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം ഹൈഡ്രോ ഇലക്ട്രിക് പദ്ധതികൾക്കാണ് കേന്ദ്രാനുമതി പുതുതായി ലഭിച്ചിട്ടുള്ളത്; ഇനിയും അനുമതി ലഭിക്കാനുള്ള പദ്ധതികൾ ഏതെല്ലാം;

(ഡി) ഈ പദ്ധതികൾ ഓരോന്നിൽ നിന്നും എന്ത് വൈദ്യുതി ഉൽപ്പാദനമാണ് പ്രതീക്ഷിക്കുന്നതെന്നും ഇവ എന്നേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

1. പേപ്പാറ
2. ലോവർ പെരിയാർ
3. മാട്ടുപ്പെട്ടി
4. പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ
5. കക്കാട്

ഈ പദ്ധതികളുടെ ഉൽപ്പാദന ശേഷി, ചെലവഴിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly